# കേരള സർവകലാശാല

നം. പി.ആർ.019/2017 ഫോൺ : 2305738


## പത്രക്കുറിപ്പ്

### കേരള സർവകലാശാലയിൽ ശ്രീ കരുണാകര ഗുരു ചെയർ

ആത്മീയഗുരുവും പോത്തൻകോട് ശാന്തിഗിരി ആശ്രമ സ്ഥാപകനുമായ നവജ്യോതി ശ്രീ കരുണാകര ഗുരുവിന്റെ പേരിൽ കേരള സർവകലാശാലയിൽ ചെയർ ആരംഭിക്കും. ഈ മാസം 21-ന് ചേർന്ന സിൻഡിക്കേറ്റ് യോഗത്തിലാണ് ഇത് സംബന്ധിച്ച തീരുമാനമെടുത്തത്. മതപരവും ആത്മീയവുമായ ഇടപെടലുകളിലൂടെ ഒരു സാമൂഹിക പുന:സംഘടനയാണ് ചെയർ ലക്ഷ്യം വെയ്ക്കുന്നത്. ആത്മീയതയുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുക, ശില്പശാലകൾ സംഘടിപ്പിക്കുക, കോൺഫറൻസും സിമ്പോസിയവും നടത്തുക, ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിക്കുക, പുസ്തകങ്ങൾ, ആനുകാലികങ്ങൾ എന്നിവ പ്രസിദ്ധീകരിക്കുക തുടങ്ങിയവയാണ് ചെയറിന്റെ മുഖ്യ ഉദ്ദേശ്യം. ചെയറിന്റെ ഭാഗമായി ശ്രീ കരുണാകര ഗുരു ഡോക്ടറൽ, പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകൾ ഏർപ്പെടുത്തും. എഴുത്തുകാർക്കും വിവർത്തകർക്കും ചെയറിന്റെ ഭാഗമാകാൻ അവസരമുണ്ട്.

### ബി.കോം ഫലം

കേരള സർവകലാശാല 2016 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ ബി.കോം (സി.ബി.സി.എസ്. - സപ്ലിമെന്ററി - 2013-ന് മുമ്പ് പ്രവേശനം നേടിയവർ) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി ഫെബ്രുവരി 10 വരെ അപേക്ഷിക്കാം.

### എം.എഡ് ഫലം

കേരള സർവകലാശാല സെപ്റ്റംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (മെന്റൽ റിട്ടാർഡേഷൻ - സപ്ലിമെന്ററി - ഒരു വർഷ പ്രോഗ്രാം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.ബി.എ ഫലം

കേരള സർവകലാശാല 2016 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.ബി.എ (2014 അഡ്മിഷൻ) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി ഫെബ്രുവരി എട്ട് വരെ അപേക്ഷിക്കാം. 2013 അഡ്മിഷൻകാർക്കും ഫെബ്രുവരി എട്ട് വരെ അപേക്ഷിക്കാം.

### ബി.ഡി.എസ് പരീക്ഷ

കേരള സർവകലാശാല ഫെബ്രുവരി 27-ന് ആരംഭിക്കുന്ന മൂന്നാം വർഷ ബി.ഡിഎഎസ് പരീക്ഷയ്ക്ക് പിഴകൂടാതെ ഫെബ്രുവരി ഏഴ് (50 രൂപ

പിഴയോടെ ഫെബ്രുവരി 9, 250 രൂപ പിഴയോടെ ഫെബ്രുവരി 13) വരെ അപേക്ഷിക്കാം.

## എം.എ.എസ്.എൽ.പി പരീക്ഷ

കേരള സർവകലാശാല ഫെബ്രുവരി 27-ന് ആരംഭിക്കുന്ന ഒന്നാം വർഷ എം.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ് സ്ട്രീം & ഓൾഡ് സ്കീം) പരീക്ഷയ്ക്ക് പിഴകൂടാതെ ഫെബ്രുവരി ഏഴ് (50 രൂപ പിഴയോടെ ഫെബ്രുവരി 9, 250 രൂപ പിഴയോടെ ഫെബ്രുവരി 13) വരെ അപേക്ഷിക്കാം.

## ബി.എ. എൽ.എൽ.ബി. പരീക്ഷ

കേരള സർവകലാശാല ഫെബ്രുവരി 13-ന് തുടങ്ങുന്ന ഒമ്പതാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് (പഞ്ചവത്സരം) ബി.എ എൽ.എൽ.ബി പരീക്ഷയ്ക്ക് പിഴകൂടാതെ ഫെബ്രുവരി ഒന്ന് (50 രൂപ പിഴയോടെ ഫെബ്രുവരി മൂന്ന്, 250 രൂപ പിഴയോടെ ഫെബ്രുവരി നാല്) വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് പരീക്ഷ

കേരള സർവകലാശാല ഫെബ്രുവരിയിൽ നടത്തുന്ന ഏഴാം സെമസ്റ്റർ ബി.ടെക് (2008 സ്കീം - സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴകൂടാതെ ഫെബ്രുവരി രണ്ട് (50 രൂപ പിഴയോടെ ഫെബ്രുവരി നാല്, 250 രൂപ പിഴയോടെ ഫെബ്രുവരി ഏഴ്) വരെ അപേക്ഷിക്കാം. ട്രാൻസിറ്ററി/ മേഴ്സിചാൻസായി പ്രസ്തുത പരീക്ഷയെഴുതുന്നവർ സർവകലാശാലയിൽ അപേക്ഷ സമർപ്പിക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും

തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ
25.01.2017

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in